Kerala Kaumudi

26.03.2025

പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിലായത് വിൽക്കണം : സി.എ.ജി



സർക്കാരിന്റെ നഷ്ടം 18,026 കോടി ■ ഗതിയില്ലാത്തവ അടച്ചുപൂട്ടണം

▸പി.എച്ച്.സനൽകുമാർ

തിരുവനന്തപുരം: നഷ്ടത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക്വിൽക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യണമെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ശുപാർശ.

ആദ്യമായാണ് സി.എ.ജി ഇങ്ങനെയൊരു നിർദേശം കേരളത്തിനു നൽകുന്നത്.റിപ്പോർട്ട് ഇന്നലെ നിയമസഭയിൽ സമർപ്പിച്ചു.സർക്കാരാണ് തീരുമാനമെടുക്കേണ്ടത്.

വർഷങ്ങളായി സർക്കാർ വായ്പയെടുത്ത് നൽകിയും മറ്റും പരിപാലിക്കുന്ന 36 പൊതുമേഖലാസ്ഥാപനങ്ങൾക്ക് വായ്പയുടെ പലിശപോലും നൽകാനായിട്ടില്ല.

കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ മാത്രം 1,873.89 കോടിയുടെ ബാദ്ധ്യതയുണ്ടായി. 18,026.49 കോടിരൂപയുടെ നഷ്ടമാണ് സർക്കാർനേരിടുന്നത്.10,015.46കോടിമൂലധനവും12,302.63കോടിദീർഘകാല വായ്പകളും ഉൾപ്പെടെ 22,318.09 കോടി രൂപയാണ് സർക്കാർ നിക്ഷേപം. അതിലാണ് ഇരുപതും നഷ്ടം പേറുന്നത്.

44 സ്ഥാപനങ്ങളിൽ സർക്കാർ നിക്ഷേപമൂല്യം5,954.33 കോടി രൂപയാണെങ്കിൽ നഷ്ടത്തിന്റെ മൂല്യം 11,227.04 കോടിയിലെത്തിക്കഴിഞ്ഞു.കടുത്ത കെടുകാര്യസ്ഥതയാണ്. പാഴ്ചെലവ് നിയന്ത്രിക്കാനാവുന്നില്ല.

ഓഡിറ്റിംഗ് അടക്കം കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല.105 സ്ഥാപനങ്ങളിലും ഫിനാൻസ് അക്കൗണ്ടുകൾപ്രകാരമുള്ള കണക്കുകളും പി.എസ്.ഇ.കളുടെ രേഖകൾ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. സർക്കാരിന് കൂടുതൽ ബാദ്ധ്യതയുണ്ടാക്കുന്ന കെ.എസ്.ആർ.ടി.സി. 2016-17 മുതൽ കണക്ക് നൽകിയിട്ടില്ലെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

2023മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ 1,368.72 കോടിരൂപയാണ്പൊതുമേഖലയിൽ നിന്ന് ലഭിച്ച ലാഭം.നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യത്തിൽ പുനർവിചിന്തനം വേണമെന്നും സ്വകാര്യ നിക്ഷേപകരുടെ സഹകരണത്തോടെ പി.പി.പി.മാതൃകയിൽ മെച്ചപ്പെടുത്താൻ ശ്രമിക്കണമെന്നും കൊല്ലത്ത് നടന്ന സി.പി.എം. സംസ്ഥാന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവതരിപ്പിച്ച നയരേഖയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

നഷ്ടത്തിനു പിന്നിൽ

149
സംസ്ഥാനത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

77
നഷ്ടത്തിൽ പ്രവർത്തിക്കുന്നവ

18
പേരിനുപോലും പ്രവർത്തനം ഇല്ലാത്തവ

54
ലാഭത്തിൽ പ്രവർത്തിക്കുന്നവ

- സാഹചര്യം അനുസരിച്ച് ഉത്പാദനം മെച്ചപ്പെടുത്തുന്നില്ല
- നികുതിഘടനയിലുണ്ടായ മാറ്റങ്ങൾ
- ഇറക്കുമതിനയത്തിലെവ്യതിയാനം
- വർദ്ധിച്ചശമ്പള,പ്രവർത്തനചെലവ്
- കാര്യക്ഷമമല്ലാത്ത വായ്പ കൈകാര്യം ചെയ്യൽ



പ്രതിസന്ധിയിൽ 15

■ ട്രാവൻകൂർ ടൈറ്റാനിയം ■ പൗൾട്രി ഡെവലപ്മെന്റ് കോർപറേഷൻ ■ ട്രിവാൻഡ്രം സ്പിന്നിംഗ്മിൽ ■ മീറ്റ്പ്രൊഡക്ട് ഓഫ് ഇന്ത്യ ■ കേരള ട്രാൻസ്പോർട്ട്ഡെവലപ്മെന്റ്ഫിനാൻസ്കോർപറേഷൻ ■ കേരളറബർ ലിമിറ്റഡ് ■ കാഷ്യൂഡെവലപ്മെന്റ്കോർപറേഷൻ ■ കേരള ഓട്ടോമൊബൈൽസ്ലിമിറ്റഡ് ■ ടെക്സ്റ്റയിൽസ്കോർപറേഷൻ ■ കേരള സെറാമിക്സ് ■ കേരള മെറ്റൽ ഇൻഡസ്ട്രീസ് ■ ട്രാക്കോ കേബിൾ കമ്പനി ■ ട്രാവൻകൂർസിമന്റ്സ് ■ യുണൈറ്റഡ്ഇലക്ട്രിക്കൽസ്ഇൻഡസ്ട്രീസ് ■ സിവിൽ സപ്ലൈസ് കോർപറേഷൻ ■ കെ.എസ്.ആർ.ടി.സി.

വൻ നേട്ടത്തിൽ

(വാർഷിക ലാഭം കോടിയിൽ)

കെ.എസ്.എഫ്.ഇ	901.28
ബിവറേജസ്കോർപറേഷൻ	1106.91
മിനറൽസ്ആൻഡ്മെറ്റൽസ്	1172.58
പിന്നാക്ക സമുദായ വികസന കോർപറേഷൻ	248.90
കെ.എഫ്.സി	155.72
ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ വികസന കോർപറേഷൻ	170.01